REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ചൈനയെ മറികടന്ന് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ അരി ഉത്പാദക രാജ്യമായി മാറിയെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.**
- **ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ, ആദ്യ മലിനീകരണ നിയന്ത്രണ കപ്പലായ 'സമുദ്ര പ്രതാപ്' ഇന്ന് ഗോവയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്യും.**
- **നിയമസഭാ തിരഞ്ഞെടുപ്പിൽ നൂറ് സീറ്റ് നേടുകയാണ് UDF-ന്റെ ലക്ഷ്യമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ.**
- **സംസ്ഥാനത്ത് ക്രിസ്മസ് അവധിക്ക് ശേഷം സ്കൂളുകൾ ഇന്ന് തുറക്കും.**
- **ഇന്ത്യ - ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് മൂന്ന് മത്സര പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

ചൈനയെ മറികടന്ന് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ അരി ഉത്പാദക രാജ്യമായി മാറിയെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ഇന്ത്യയുടെ അരി ഉത്പാദനം 150.18 ദശലക്ഷം ടണ്ണിലെത്തിയതായും അദ്ദേഹം ന്യൂഡൽഹിയിൽ അറിയിച്ചു. ചൈനയുടേത് 145.28 ദശലക്ഷമാണ്. ഇന്ത്യ ഇപ്പോൾ വിദേശ വിപണികളിലേക്ക് അരി കയറ്റുമതി ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വികസിപ്പിച്ചെടുത്ത വയൽ വിളകളിൽ നിന്ന് മെച്ചപ്പെട്ട ഇനങ്ങൾ മന്ത്രി ചടങ്ങിൽ പുറത്തിറക്കി. ഇതിൽ 122 ധാന്യങ്ങളും ആറ് പയർ വർഗങ്ങളും 13 എണ്ണക്കുരുകളും ഉൾപ്പെടുന്നു. ഉയർന്ന വിളവ് നൽകുന്ന വിത്തുകൾ വികസിപ്പിക്കുന്നതിൽ രാജ്യം വലിയ വിജയം കൈവരിച്ചതായും ശിവരാജ്സിംഗ് ചൗഹാൻ പറഞ്ഞു.

✪✪✪

ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ, ആദ്യ മലിനീകരണ നിയന്ത്രണ കപ്പലായ 'സമുദ്ര പ്രതാപ്' ഇന്ന് ഗോവയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് കമ്മീഷൻ ചെയ്യും. നൂറ്റിപതിനാലര മീറ്റർ നീളത്തിലെ കപ്പലിന്റെ 60 ശതമാനത്തിലധികവും ഇന്ത്യയിൽ തന്നെയാണ് നിർമ്മിച്ചത്. കപ്പലിന് 4,200 ടൺ ഭാരവും, 22 നോട്ടിക്കൽ മൈൽ വേഗവും 6,000 നോട്ടിക്കൽ മൈൽ സഞ്ചരിക്കാൻ കഴിവുമുണ്ട്.

സമുദ്ര മലിനീകരണ നിയന്ത്രണങ്ങൾ, സമുദ്ര നിയമ നിർവ്വഹണം, തിരച്ചിൽ, രക്ഷാപ്രവർത്തനങ്ങൾ, രാജ്യത്തിന്റെ പ്രത്യേക സാമ്പത്തിക മേഖല സംരക്ഷിക്കൽ തുടങ്ങിയ നിർണായക ദൗത്യങ്ങൾക്കാണ് കപ്പലിനെ നിയോഗിക്കുക. ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡിലെ കോസ്റ്റ് ഗാർഡിന് കപ്പൽ ഔദ്യോഗികമായി കൈമാറി. 'സമുദ്ര പ്രതാപിന്റെ വരവോടെ രാജ്യത്തെ തീര സംരക്ഷണ സേന പ്രവർത്തന സന്നദ്ധത കൂടുതൽ ശക്തിപ്പെടുത്തും.

✪✪✪

വെനസ്വലയിലെ അമേരിക്കൻ സൈനിക നടപടിയെ തുടർന്ന് ഐക്യരാഷ്ട്ര സുരക്ഷാ സമിതി ഇന്ന് അടിയന്തര യോഗം ചേരും. കൊളംബിയ, ചൈനയുടെയും റഷ്യയുടെയും പിന്തുണയോടെയാണ് അടിയന്തര യോഗ ആവശ്യം ഉന്നയിച്ചത്.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കർ ഫ്രാൻസ്, ലക്സംബർഗ് സന്ദർശനത്തിന് ഇന്നലെ രാത്രി യാത്ര തിരിച്ചു. ഒരാഴ്ചത്തെ സന്ദർശന വേളയിൽ, ഡോ. ജയ്ശങ്കർ വിദേശകാര്യ മന്ത്രി ജീൻ നോയൽ ബാരറ്റുൾപ്പെട ഫ്രഞ്ച് നേതൃത്വവുമായി പാരീസിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഫ്രാൻസ് തന്ത്രപര പങ്കാളിത്തത്തിന് കീഴിൽ കൈവരിച്ച പുരോഗതിയും ആഗോള പ്രാധാന്യ വിഷയങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായേക്കും. ഫ്രഞ്ച് അംബാസഡർമാരുടെ സമ്മേളനത്തിന്റെ 31-ാമത് പതിപ്പിലും ഡോ. ജയ്ശങ്കർ വിശിഷ്ടാതിഥിയായി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ, വിദേശകാര്യ മന്ത്രി ലക്സംബർഗ് സന്ദർശിക്കും. ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ സേവ്യർ ബെറ്റലുമായി ജയ്ശങ്കർ ചർച്ച നടത്തും. ലക്സംബർഗിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

✪✪✪

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ UAE, ശ്രീലങ്ക സന്ദർശനം ഇന്ന് ആരംഭിക്കും.

പ്രതിരോധ സഹകരണവും സൈനിക ബന്ധവും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം. ഇന്ന് മുതൽ രണ്ട് ദിവസം UAE യിലെ കരസേനാ മേധാവി, മുതിർന്ന സായുധ സേന ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി അദ്ദേഹം ചർച്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ശ്രീലങ്കയിൽ എത്തുന്ന ഉപേന്ദ്ര ദ്വിവേദി, ശ്രീലങ്കൻ സൈനിക മേധാവി ഉൾപ്പെടെ മുതിർന്ന സൈനിക, സിവിൽ നേതൃത്വവുമായി ആശയവിനിമയം നടത്തും.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിൽ വ്യക്തമായ അദ്ധ്യായം എഴുതിച്ചേർത്ത വർഷമാണ് 2025. നയങ്ങൾ പുരോഗതിയിലേക്കും, ഉദ്ദേശങ്ങൾ ഫലത്തിലേക്കും പരിവർത്തനം ചെയ്യപ്പെട്ടതിനു സാക്ഷ്യം വഹിച്ച വർഷമാണിത്. ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന് ഊർജ മേഖലയിലെ പുരോഗതിയെ കുറിച്ചാണ് റിപ്പോർട്ട്......

.....വോയ്സ്.......

രാജ്യത്തിന്റെ ഊർജ മേഖലയിൽ പ്രത്യേകിച്ച് വൈദ്യുതി, ആണവോർജം എന്നീ രംഗങ്ങളിൽ ദീർഘകാലമായി മുടങ്ങിക്കിടന്ന പദ്ധതികൾ സാക്ഷാത്കരിക്കാൻ 2025 ൽ കഴിഞ്ഞു. ശാന്തി ബിൽ പാസാക്കിയതിലൂടെ സിവിൽ ആണവോർജം മേഖലയിൽ നൂറ്റാണ്ടുകളായ കാത്തിരിപ്പിന് വിരാമം കുറിച്ചു. ഈ പരിഷ്കരണം സുരക്ഷയും ഉത്തരവാദിത്തവും ഉറപ്പാക്കി ആണവോർജ മേഖലയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിനു വഴി തുറന്നു. 2047 ആവുമ്പോഴേക്കും ഇന്ത്യയുടെ ആണവോർജ ശക്തി പത്തു മടങ്ങായി വർധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

ദേശീയ അവശ്യ ധാതു മിഷൻ വഴി അവശ്യ ധാതു രംഗത്ത് ഇന്ത്യയുടെ നിർണായക ചുവടുമാറ്റത്തിനാണ് 2025 സാക്ഷ്യം വഹിച്ചത്. വൈദ്യുതി ഭേദഗതി ബിൽ 2025-ലൂടെ വൈദ്യുതി വിതരണത്തിലും ശൃംഖല നവീകരണത്തിലും പരിഷ്കാരങ്ങൾ കൊണ്ട് വന്ന് രാജ്യത്തെ വൈദ്യുത മേഖലയെ ശക്തിപ്പെടുത്തി.

✪✪✪

29-ാമത് ദേശീയ യുവോത്സവത്തിന്റെ ഭാഗമായി ഈ മാസം 9 മുതൽ 12 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് സംഘടിപ്പിക്കും. കേരളത്തിൽ നിന്ന് 35 പേർ പങ്കെടുക്കും.

മേരാ യുവഭാരത് പോർട്ടലിലൂടെ നടത്തിയ മത്സരങ്ങളിൽ വിജയിച്ച യുവതീ യുവാക്കളാണ് സംഘത്തിൽ. കേരളത്തെ പ്രതിനിധീകരിക്കുന്ന ഇവർ തെരഞ്ഞെടുത്ത പത്തു വിഷയങ്ങളിൽ വികസിത ഭാരതത്തെ കുറിച്ച് ആശയങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മുന്നിൽ അവതരിപ്പിക്കും. സംഘം നാളെ തിരുവനന്തപുരത്ത് നിന്ന് പുറപ്പെടും.

✪✪✪

രണ്ടാംവിള നെല്ലുസംഭരണത്തിന് മുന്നോടിയായി പ്രതിസന്ധികൾ ചർച്ച ചെയ്യാനും പരിഹരിക്കാനും മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്ന് യോഗം ചേരും. മന്ത്രിമാർ, സപ്ലൈകോ മാനേജിങ് ഡയറക്ടർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ നൂറ് സീറ്റ് നേടുകയെന്നതാണ് UDF-ന്റെ ലക്ഷ്യമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ MP പറഞ്ഞു. സുൽത്താൻ ബത്തേരിയിൽ KPCC സംഘടിപ്പിച്ച ലക്ഷ്യ ക്യാമ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാർട്ടി മാർഗരേഖയ്ക്കനുസരിച്ച് സ്ഥാനാർഥി നിർണയം നേരത്തെ നടത്തുമെന്നും വിജയസാധ്യത തന്നെയാണ് പ്രധാന മാനദണ്ഡമെന്നും വേണുഗോപാൽ പറഞ്ഞു. കേരളത്തിന്റെ സ്ക്രീനിങ് കമ്മിറ്റിയെ AICC പ്രഖ്യാപിച്ചു കഴിഞ്ഞതായും അവരുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുമെന്നും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കളുമായി ആലോചിച്ചാണ് ഷെഡ്യൂൾ തയ്യാറാക്കുകയെന്നും ഇത്തവണയും ചെറുപ്പക്കാർക്ക് അവസരം നൽകുമെന്നും വേണുഗോപാൽ വ്യക്തമാക്കി. പ്രഖ്യാപനം വരുന്നതിന് മുൻപ് സ്ഥാനാർഥിയെ സ്വയം പ്രഖ്യാപിച്ച് ചർച്ചയാക്കാൻ പാടില്ലെന്ന് അദ്ദേഹം നേതാക്കൾക്ക് നിർദേശം നൽകി.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളയിൽ SIT അന്വേഷണ പുരോഗതി റിപ്പോർട്ട് ഇന്ന് ഹൈക്കോടതിയിൽ സമർപ്പിച്ചേക്കും. ദേവസ്വം ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്.

അതിനിടെ, സ്വർണക്കൊള്ളക്കേസിൽ മുൻ ദേവസ്വം ബോർഡ് അംഗം KP ശങ്കർദാസ് നൽകിയ ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിച്ചേക്കും. ജസ്റ്റിസ് ദീപാങ്കർ ദത്ത അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. കേസിലെ മറ്റൊരു ഹർജിയിൽ ഹൈക്കോടതി നടത്തിയ പരാമർശങ്ങൾ നീക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി.

✪✪✪

സജീവ ഭരണ നിർവഹണത്തിനും സമയ ബന്ധിത നടപ്പാക്കലിനും പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച ഫ്ലാഗ്ഷിപ് പദ്ധതി 'പ്രഗതി' അതിന്റെ അമ്പതാമത് യോഗം വിജയകരമായി പൂർത്തീകരിച്ച് നിർണായക നാഴികക്കല്ല് പിന്നിട്ടു. 2015 ൽ നരേന്ദ്ര മോദി ആരംഭിച്ച പ്രഗതി,രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റമാണ് കുറിച്ചത്.

ഡെസ്ക് റിപ്പോർട്ട്....

.......വോയ്സ്.....

അടിസ്ഥാന പദ്ധതികളുടെയും പൊതുജന പരാതികളുടെയും തത്സമയ നിരീക്ഷണവും പരിഹാരവും പ്രധാനമന്ത്രിയുടെ അവലോകനത്തിന് കീഴിൽ സാധ്യമാക്കിയാണ് പ്രഗതി ഭരണരംഗത്ത് പരിവർത്തനം കൊണ്ടുവന്നത്. സഹകരണ ഫെഡറലിസത്തിന് ഊന്നൽ നൽകി, കേന്ദ്ര - സംസ്ഥാന ഗവണ്മെന്റുകളെയും കേന്ദ്ര  മന്ത്രാലയങ്ങളെയും പൊതു മണ്ഡലത്തിൽ കൊണ്ടു വരാൻ പ്രഗതിക്ക് സാധിച്ചു. പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളിൽ കാലതാമസം വരാതെ പ്രശ്നങ്ങൾ പരിഹരിക്കാനും ഉത്തരവാദിത്തത്തോട് കൂടി ശക്തമായ സംസ്കാരം വളർത്തിയെടുക്കാനും പ്രഗതി സഹായിച്ചിട്ടുണ്ട്. രാജ്യത്തെ, ഭരണ പുനർനിർമ്മാണത്തിന്റെ വേദിയായും ഇത് മാറി.

ഉത്തർ പ്രദേശിലെ റോസാ - സീതാപൂർ കന്റോൺമെന്റ് ബുർഹ്‌വാൾ 180 കിലോമീറ്റർ റെയിൽവെ ലൈൻ  ഇരട്ടിപ്പിക്കുന്ന പദ്ധതി റെയിൽവേ മന്ത്രാലയം നടപ്പാക്കി. 2,560  കോടി രൂപ ചിലവഴിച്ച പദ്ധതി 2015 മാർച്ച് 1 നു അംഗീകാരം നേടി. പ്രഗതി വഴി വേഗം കൈവരിച്ച ഇത്  2024 ഫെബ്രുവരി 13 നു പൂർത്തിയാവുകയും ചെയ്തു.

✪✪✪

സംസ്ഥാനത്ത് ക്രിസ്മസ് അവധിക്കു ശേഷം സ്കൂളുകൾ ഇന്ന് തുറക്കും. പ്ലസ്ടു ഹിന്ദി ചോദ്യപേപ്പർ ചോർന്നതിനെ തുടർന്ന് മാറ്റി വച്ച പരീക്ഷ ഇന്ന് ഉച്ചയ്ക്ക് ശേഷം നടത്തും. പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെ ശേഷിക്കുന്ന

പരീക്ഷകൾ നാളെയാണ്. ക്രിസ്മസ് അവധിയ്ക്ക് കഴിഞ്ഞ മാസം 23 നാണ് സ്കൂളുകൾ അടച്ചത്.

✪✪✪

സംസ്ഥാനത്തെ എൻജിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശന പരീക്ഷ - കീമിന് ഇന്ന് മുതൽ അപേക്ഷിക്കാം. പ്രവേശന പരിക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഈ മാസം 31 ന് വൈകിട്ട് അഞ്ചു വരെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഏപ്രിൽ ആദ്യ വാരമായിരിക്കും പരീക്ഷ.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക അണ്ടർ - 19 പുരുഷ ഏകദിന ക്രിക്കറ്റ് മൂന്ന് മത്സര പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. ഇന്ത്യൻസമയം ഉച്ചയ്ക്ക് ഒന്നിന് ദക്ഷിണാഫ്രിക്കയിലെ ബെനോണിയിലാണ് മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു ജയം.

✪✪✪

ഇന്ത്യയുടെ ബിരിയാണിയും ക്രിക്കറ്റും യോഗയും ഫിൻലാൻഡിലും ജനപ്രിയമായെന്ന് ഫിന്നിഷ് കൗൺസൽ ജനറൽ എറിക് അഫ് ഹാൾസ്ട്രം പറഞ്ഞു. തൃശൂരിൽ നടന്നുവന്ന പെരുവനം രാജ്യാന്തര ഗ്രാമോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോള തലത്തിൽ ഇന്ത്യയുടെ വർധിച്ചു വരുന്ന സ്വാധീനം കണക്കിലെടുത്താണ് 2022-ൽ മുംബൈയിൽ ഫിൻലാൻഡ് കോൺസുലേറ്റ് തുറന്നതെന്നും അവിടുത്തെ ആദ്യ കൗൺസൽ ജനറലായി പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ചലച്ചിത്ര താരം ശോഭനയുടെ നൃത്തപരിപാടിയോടെ പെരുവനം രാജ്യാന്തര ഗ്രാമോത്സവത്തിന് ഇന്നലെ തിരശ്ശീല വീണു.

✪✪✪

ഡൽഹി കലാപ ഗൂഢാലോചന കേസിൽ, ജയിലിൽ കഴിയുന്ന ഒമർ ഖാലിദിന്റെ അടക്കം ജാമ്യാപേക്ഷയിൽ സുപ്രീംകോടതി ഇന്ന് വിധി പറഞ്ഞേക്കും. ജസ്റ്റിസുമാരായ അരവിന്ദ് കുമാർ, NV അൻജാരിയ എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ജാമ്യാപേക്ഷയിൽ വാദം കേട്ടത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ UDFന് ലഭിച്ച മികച്ച വിജയത്തിന് മങ്ങലേൽപ്പിക്കുക എന്നതിന്റെ ഭാഗമാണ് പ്രതിപക്ഷ നേതാവിനെതിരായ പുനർജ്ജനി ആരോപണമെന്ന് മുസ്ലീം ലീഗ് അഖിലേന്ത്യ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. കേവലം രാഷ്ട്രീയ ലക്ഷ്യം മാത്രമാണ് ഇതിന് പിന്നിലെന്നും അദ്ദേഹം മലപ്പുറത്ത് അറിയിച്ചു.

✪✪✪

തിരുവനന്തപുരം AKG പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അടുത്ത മാസം 21,22 തീയതികളിൽ നടത്തുന്ന അഞ്ചാമത് അന്തർ ദേശീയ കേരള പഠന കോൺഗ്രസിന്റെ വെബ്സൈറ്റും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും CPIM ജനറൽ സെക്രട്ടറി M.A ബേബി പ്രകാശനം ചെയ്തു.

പാർട്ടി കേന്ദ്ര കമ്മിറ്റി അംഗം ഡോ.T.M.തോമസ് ഐസകും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: അനുഷ ആത്മപ്രകാശ്, പ്രവീൺ*
*DEO : സി കെ സുബോധ്*